**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2016** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റന്റ് ലോൺ ആപ്പ് മുഖേനയുള്ള തട്ടിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇൻസ്റ്റന്റ് ലോൺ ആപ്പ് മുഖേനയുള്ള തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (20/05/2021 മുതൽ 22/08/2022 വരെ) സംസ്ഥാനത്ത് ഇൻസ്റ്റന്റ് ലോൺ ആപ്പ് മുഖേനയുള്ള തട്ടിപ്പുകളുമായി ബന്ധപ്പെട്ട് 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | അത്തരം തട്ടിപ്പുകൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) | ഇത്തരം തട്ടിപ്പുകൾ തടയുന്നതിലേക്കായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ സൈബർ സുരക്ഷാക്ലബുകൾ രൂപീകരിച്ചും കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം 'സൈബർ ജാഗരൂകതാദിവസ്' -ന്റെ ഭാഗമായും മറ്റും സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. സ്കൂളുകൾ, കോളേജുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടി വ്യാപകമായി സൈബർ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. ഇതിനു പുറമെ കുറ്റവാളികളെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിലേക്കായി സോഷ്യൽ മീഡിയാ സെല്ലിലൂടെ സോഷ്യൽ മീഡിയ പട്രോളിംഗ്, സൈബർ സെൽ മുഖേന ഇന്റർനെറ്റ്/ഡാർക്ക് വെബ് എന്നിവിടങ്ങളിൽ നടത്തുന്ന പരിശോധനകൾ വഴി കണ്ടെത്തുന്ന വ്യാജ ഓൺലൈൻ ആപ്പുകളെ സംബന്ധിച്ച് ഗൂഗിൾ അധികാരികൾക്കും ആപ്പിൾ അധികാരികൾക്കും റിപ്പോർട്ട് നൽകി പ്രസ്തുത ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, തട്ടിപ്പ് നടത്തുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് ഫോൺ നമ്പർ ആയതുമായി ബന്ധപ്പെട്ട UP അക്കൗണ്ട് എന്നിവ ഫ്രീസ് ചെയ്യുകയും കുറ്റകൃത്യത്തിൽ ഉൾപ്പെടുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം തയ്യാറാക്കി ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ